ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

DATE: 23.06.2026 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. 2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും.

   **President Droupadi Murmu will confer 65 Padma Awards during second Civil Investiture Ceremony at Rashtrapati Bhawan today**

2. ആഗോളശക്തി എന്ന നിലയിലേക്കുള്ള ഇന്ത്യയുടെ അതിവേഗ വളർച്ച, രാഷ്ട്രം ആദ്യം എന്ന തത്വത്തിൽ അധിഷ്ഠിതമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi has said the principle of Nation First has been the driving force behind India's transformation into a fast-growing, credible and reliable global power.**

3. കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ ഇന്ന് കേരളത്തിൽ. തിരുവനന്തപുരത്ത് വിവിധ പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും.

   **Union Minister Mansukh Mandavya is in Kerala today. He will participate in various programs in Thiruvananthapuram.**

4. 2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ സംസ്ഥാന ബജറ്റിനെ കുറിച്ചുള്ള ചർച്ച നിയമസഭയിൽ ഇന്നും തുടരും.

**The discussion on the revised state budget for the financial year 2026-27 will continue in the Kerala Assembly today.**

5. ഖത്തറിലെ ഗ്യാസ് വിതരണ കേന്ദ്രത്തിലുണ്ടായ സ്ഫോടനത്തിൽ 12 ഇന്ത്യക്കാർ ഉൾപ്പെടെ 13 പേർ മരിച്ചു. അനുശോചനം രേഖപ്പെടുത്തി വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കർ .

**Indian Embassy in Doha has announced that Qatari authorities have confirmed the deaths of 12 Indian nationals in the Ras Laffan incident. External Affairs Minister Dr S Jaishankar has expressed grief over the loss of lives and injuries**

6. ഫിഫ ലോകകപ്പിൽ, ഓസ്ട്രിയയെക്കെതിരെ അർജന്റീനയ്ക്ക് തകർപ്പൻ ജയം. എഫ്ഐഎച്ച് പ്രോ ലീഗ് പുരുഷ ഹോക്കിയിൽ ഇന്ന് ഇന്ത്യ പാകിസ്ഥാനെ നേരിടും.

**Argentina beats Austria in the FIFA World Cup. India will face Pakistan today in FIH Pro League Men's Hockey.**

❁❁❁❁❁❁❁❁❁❁❁❁❁

## PADMA AWARDS

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് സമ്മാനിക്കും. ന്യൂഡൽഹിയിലെ രാഷ്ട്രപതി ഭവനിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരങ്ങൾ

വിതരണം ചെയ്യും. നടൻ മമ്മൂട്ടി, മോഹിനിയാട്ടം നർത്തകി കലാമണ്ഡലം വിമല മേനോൻ, മുതിർന്ന മാധ്യമ പ്രവർത്തകൻ പി നാരായണൻ ഉൾപ്പെടെയുള്ളവർ പുരസ്ക്കാര ജേതാക്കളിൽ ഉൾപ്പെടുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

**NEW PM -REPUBLIC SUMMIT(INTRO)**

ആഗോളശക്തി എന്ന നിലയിലേക്കുള്ള ഇന്ത്യയുടെ അതിവേഗ വളർച്ച, രാഷ്ട്രം ആദ്യം എന്ന തത്വത്തിൽ അധിഷ്ഠിതമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ സ്വകാര്യ മാധ്യമം സംഘടിപ്പിച്ച ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ ദശകത്തിൽ രാജ്യം നേടിയ ഓരോ നേട്ടങ്ങളും പരസ്പര വിശ്വാസം, സ്ഥിരത, ആഗോള നന്മയോടുള്ള പ്രതിബദ്ധത എന്നിവയിൽ വേരൂന്നിയവയാണെന്നും ശ്രീ മോദി പറഞ്ഞു. ദേശീയ താൽപ്പര്യങ്ങൾക്ക് പ്രഥമ പരിഗണന നൽകുന്നതിനുള്ള ഇന്ത്യയുടെ അചഞ്ചലമായ പ്രതിബദ്ധത, ജി 7 ഉച്ചകോടിയിൽ ലോക നേതാക്കൾ അംഗീകരിച്ചതായും അദ്ദേഹം പറഞ്ഞു. സ്വച്ഛ് ഭാരത്, മേക്ക് ഇൻ ഇന്ത്യ, ഖാദി, പ്രാദേശിക ഉൽപ്പന്നങ്ങൾക്കുള്ള പിന്തുണ തുടങ്ങിയ സംരംഭങ്ങളുടെ വിജയത്തിന് പിന്നിൽ, പൗരന്മാരുടെ പ്രയത്നമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

## SHAH-PORTAL LAUNCH

നാഷണൽ അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ ലേല പോർട്ടൽ കേന്ദ്ര മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ലേല നടപടികളിലെ സുതാര്യതയും കാര്യക്ഷമതയും ശക്തിപ്പെടുത്തുന്നതിനാണ് പോർട്ടൽ. ചടങ്ങിൽ, ചില പ്രധാന ഡിജിറ്റൽ, ജനക്ഷേമ പദ്ധതികൾക്കും അദ്ദേഹം തുടക്കം കുറിയ്ക്കുമെന്ന് സഹകരണ മന്ത്രാലയം അറിയിച്ചു.

❋❋❋❋❋❋❋❋❋❋❋❋❋

## QATAR FIRE

ഖത്തറിലെ റാസ് ലഫാൻ ഇൻഡസ്ട്രിയൽ സിറ്റിയിൽ ഗ്യാസ് വിതരണ കേന്ദ്രത്തിലുണ്ടായ സ്ഫോടനത്തിൽ 12 ഇന്ത്യക്കാർ ഉൾപ്പെടെ 13 പേർ മരിച്ചു. അപകടത്തിൽ 66 പേർക്ക് പരിക്കേറ്റതായും ഖത്തർ ഊർജ്ജ മന്ത്രി പറഞ്ഞു. ഇന്നലെ വൈകുന്നേരത്തോടെയാണ് ബർസാൻ പ്രാദേശിക ഗ്യാസ് വിതരണ കേന്ദ്രത്തിൽ സ്ഫോടനം ഉണ്ടായത്. ജീവൻ നഷ്ടപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും കുടുംബങ്ങൾക്ക് ആവശ്യമായ എല്ലാ സഹായവും നൽകുമെന്നും ദോഹയിലെ ഇന്ത്യൻ എംബസി സമൂഹമാധ്യമത്തിൽ കുറിച്ചു. സംഭവത്തിൽ വിദേശകാര്യ മന്ത്രി എസ്.ജയ് ശങ്കർ അനുശോചനം രേഖപ്പെടുത്തി.

❋❋❋❋❋❋❋❋❋❋❋❋❋

## LUCKNOW FIRE- ACTION

ഉത്തർപ്രദേശിലെ ലക്നൗവിൽ അലിഗഞ്ച് പുരാനിയയിൽ കോച്ചിംഗ് സെന്ററിലുണ്ടായ തീപിടുത്തത്തിൽ 15 വിദ്യാർത്ഥികൾ മരിച്ചു. 16-നും 18-നും ഇടയിൽ പ്രായമുള്ള വിദ്യാർത്ഥികളാണ് മരിച്ചത്. സംഭവത്തിൽ പോലീസ് ആറ് പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു .ഇവരിൽ നാല് പേരുടെ അറസ്റ്റ് രേഖപ്പെടുത്തി. സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ സംസ്ഥാന സർക്കാർ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചു. ഏഴ് ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാനും നിർദേശമുണ്ട്. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവർ അനുശോചനം രേഖപ്പെടുത്തി.

## INDIA – RECORD ORGAN

അഞ്ച് ലക്ഷത്തിലധികം അവയവദാന പ്രതിജ്ഞകൾ രേഖപ്പെടുത്തി എന്ന സുപ്രധാന നാഴികക്കല്ല് കൈവരിച്ച് രാജ്യം. അവയവദാനത്തിനുള്ള വർദ്ധിച്ചുവരുന്ന പൊതുജന അംഗീകാരത്തെ പ്രതിഫലിപ്പിക്കുന്ന ഈ നേട്ടം അവയവകൈമാറ്റത്തിന് കാത്തിരിക്കുന്ന രോഗികളുടെ പ്രതീക്ഷയെയും, മാനവികതയുടെ ആഴമേറിയ പ്രവൃത്തിയെയും അടിവരയിടുന്നുവെന്ന് ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പറഞ്ഞു. അവയവദാനത്തിന് രാജ്യത്തുടനീളമുള്ള പൗരന്മാർ നൽകിയ പിന്തുണയ്ക്ക്

നാഷണൽ ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷന്റെ ഡയറക്ടർ ഡോ. അനിൽ കുമാർ നന്ദി പറഞ്ഞു.

## INTERNATIONAL OLYMPIC DAY

ഇന്ന് അന്താരാഷ്ട്ര ഒളിമ്പിക്സ് ദിനം. **നിങ്ങൾക്ക് ഇത് സാധിക്കും** എന്നതാണ് ഇത്തവണത്തെ പ്രമേയം. കായികരംഗത്തിലെ മുന്നേറ്റം, കായികക്ഷമത വർധിപ്പിക്കൽ, പരസ്പര ധാരണ, ഉൾച്ചേർക്കൽ ഉൾപ്പെടെയുള്ള മൂല്യങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ് ദിനാചരണ ലക്ഷ്യം. 1894-ൽ അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റി സ്ഥാപിതമായതിൻറെ സ്മരണാർഥമാണ് അന്താരാഷ്ട്ര ഒളിമ്പിക്സ് ദിനം ആചരിക്കുന്നത്.

## FUN RUN-MANSUKH MANDAVYA

അന്താരാഷ്ട്ര ഒളിമ്പിക്സ് ദിനത്തിൻറെ ഭാഗമായി '**സായ്**' തിരുവനന്തപുരത്ത് സംഘടിപ്പിച്ച 'സൈക്ലിംഗ് ബൈ ദ സീ'- കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ ഫ്ലാഗ് ഓഫ് ചെയ്തു. എല്ലാ ഞായറാഴ്ചയും സൈക്ലിംഗ് നടത്താൻ പൊതുജനങ്ങൾ തയ്യാറാകണമെന്ന് കേന്ദ്രമന്ത്രി ആഹ്വാനം ചെയ്തു. ചാക്ക ഐ.ടി.ഐ മുതൽ ശംഖുമുഖം ബീച്ച് വരെയാണ് സൈക്ലിംഗ്. മൈലത്തെ ജി.വി. രാജാ സ്പോർട്സ് സ്കൂളും ശ്രീ.മാണ്ഡവ്യ ഇന്ന് സന്ദർശിക്കും. തുടർന്ന്

തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടക്കുന്ന ഐച്ചി-നഗോയ ഏഷ്യൻ ഗെയിംസ് ഫൺ റൺ' പരിപാടിയിലും കേന്ദ്രമന്ത്രി പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## BUDGET-(INTRO)

കേരളത്തിൽ, 2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ സംസ്ഥാന ബജറ്റിനെ കുറിച്ചുള്ള ചർച്ച നിയമസഭയിൽ ഇന്നും തുടരും.

***കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

## SHIGELLA-NIPAH

കേരളത്തൽ, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമമാക്കാൻ രൂപീകരിച്ച ഉന്നതാധികാര കമ്മിറ്റിയുടെ പ്രാഥമിക റിപ്പോർട്ട് മന്ത്രി കെ.മുരളീധരന് സമർപ്പിച്ചു. റിപ്പോർട്ട് വിശദമായി പരിശോധിച്ച് അടിയന്തര തുടർനടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി പറഞ്ഞു. കോഴിക്കോട് ജില്ലയിൽ നിപ രോഗപ്രതിരോധ പ്രവർത്തനങ്ങൾ പൂർണ വിജയത്തിലേക്ക് എത്തുകയാണെന്നും അദ്ദേഹം

വ്യക്തമാക്കി. സംസ്ഥാനത്ത് ഇന്നലെ 10 പേർക്ക് ഷിഗെല്ല സ്ഥിരീകരിച്ചിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## NSA DOVAL-CHINA WANG

ഇന്ത്യാ-ചൈനാ ബന്ധം സാധാരണ നിലയിലാക്കുന്നത് സംബന്ധിച്ച് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ ചൈനീസ് വിദേശകാര്യ മന്ത്രി വാങ് യിയുമായി ചർച്ച നടത്തി. ന്യൂഡൽഹിയിൽ പുരോഗമിക്കുന്ന 16-ാമത് ബ്രിക്സ് ദേശീയ സുരക്ഷാ ഉപദേഷ്ടാക്കളുടെ യോഗത്തിലായിരുന്നു ചർച്ച. ഇരു രാജ്യങ്ങളും തമ്മിലുള്ള പരസ്പര ധാരണയും വിശ്വാസ്യതയും വളർത്തിയെടുക്കുന്നതിന്, ക്രിയാത്മകവും സ്ഥിരതയുള്ളതുമായ ഉഭയകക്ഷി ബന്ധങ്ങൾ സഹായിക്കുമെന്ന് ശ്രീ ഡോവൽ വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## FIFA WORLD CUP-3

ഫിഫ ലോകകപ്പിൽ, ഓസ്ട്രിയയെക്കെതിരെ അർജന്റീനയ്ക്ക് തകർപ്പൻ ജയം. ഇന്നലെ അമേരിക്കയിലെ ആർലിംഗ്ടണിൽ നടന്ന ഗ്രൂപ്പ് J മത്സരത്തിൽ എതിരില്ലാത്ത രണ്ടു ഗോളുകൾക്കാണ് അർജന്റീനയുടെ വിജയം. ലയണൽ മെസ്സിയാണ് രണ്ടു ഗോളുകളും നേടിയത്. ലോകകപ്പ് ചരിത്രത്തിൽ ഏറ്റവും കൂടുതൽ ഗോൾ നേടിയ കളിക്കാരൻ എന്ന നേട്ടം മെസ്സിക്ക് സ്വന്തമായി. ജർമ്മനിയുടെ മിറോസ്ലാവ്

ക്ലോസിന്റെ 16 ഗോളുകൾ എന്ന റെക്കോർഡാണ് മെസ്സി മറികടന്നത്. മെസ്സിയുടെ ഗോൾനേട്ടം 18 ആണ്. ഇന്ന് നടന്ന ഗ്രൂപ്പ് ഐ മത്സരത്തിൽ ഇറാക്കിനെതിരെ എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് ഫ്രാൻസ് വിജയിച്ചു.

❋❋❋❋❋❋❋❋❋❋❋❋❋

## INDIA FIH PRO

എഫ്ഐഎച്ച് പ്രോ ലീഗ് പുരുഷ ഹോക്കിയിൽ ഇന്ന് ഇന്ത്യ പാകിസ്ഥാനെ നേരിടും. 2024 ൽ ചൈനയിൽ നടന്ന ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി മത്സരത്തിനുശേഷം ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള മത്സരമാണിത്.

❋❋❋❋❋❋❋❋❋❋❋❋❋

## BADMINTON- US OPEN

കാലിഫോർണിയയിൽ ഇന്ന് ആരംഭിക്കുന്ന യുഎസ് ഓപ്പൺ സൂപ്പർ ബാഡ്മിന്റൺ ടൂർണമെന്റിൽ ലക്ഷ്യ സെന്നും തൻവി ശർമ്മയും ഇന്ത്യൻ ടീമിനെ നയിക്കും. പുരുഷ സിംഗിൾസിൻറെ ആദ്യ റൗണ്ടിൽ ലക്ഷ്യ സെൻ ബെൽജിയൻ താരത്തെ നേരിടും. കിദംബി ശ്രീകാന്ത് ആദ്യ റൗണ്ട് മത്സരത്തിൽ ചൈനീസ് തായ്പേയി താരത്തെ നേരിടും. വനിതാ സിംഗിൾസിൽ, തൻവി ശർമ്മ ആദ്യ മത്സരത്തിൽ ജർമ്മൻ താരവുമായി ഏറ്റുമുട്ടും. ട്രീസ ജോളി, ഗായത്രി ഗോപിചന്ദ് തുടങ്ങിയ മുൻനിര താരങ്ങളും ടൂർണമെന്റിൽ മത്സരിക്കും.

## RAIN-KERALA

കേരളത്തിൽ വരും ദിവസങ്ങളിൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് നിർദേശമുണ്ട്. കേരളം -കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിരുന്നു.

## KSEB

ശനി, ഞായർ ദിവസങ്ങളിൽ സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഒഴിവാക്കിയതായി കെ എസ് ഇ ബി. തമിഴ്നാട്, കർണാടക തുടങ്ങിയ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് അധിക വൈദ്യുതി ലഭ്യമായതിനെ തുടർന്നാണ് തീരുമാനം.

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 135-ാാം പതിപ്പാണിത്.

മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും ഈ മാസം 26 വരെ MY GOV, NaMo App, 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ എന്നിവയിലൂടെ അറിയിക്കാം

## CENSUS

കേരളത്തിൽ സെൻസസ് 2027 ന്റെ ഭാഗമായി സെൽഫ് എന്യൂമറേഷൻ നടപടികൾ പുരോഗമിക്കുന്നു. ഈ മാസം അവസാനം വരെ നീളുന്ന സെൽഫ് എന്യൂമറേഷന് se.census.gov.in എന്ന പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് വിവരങ്ങൾ സമർപ്പിക്കാം.

## CBSE- BOARD EXAM

ഇറാൻ-യുഎസ് യുദ്ധം മൂലം ഗൾഫ് രാജ്യങ്ങളിൽ പന്ത്രണ്ടാം ക്ലാസ് ബോർഡ് പരീക്ഷ റദ്ദാക്കിയതിനെത്തുടർന്ന് Private വിദ്യാർത്ഥികൾക്കുള്ള മൂല്യ നിർണ്ണയത്തിനായി പുതിയ നയം സിബിഎസ്ഇ കൊണ്ടുവന്നിട്ടുണ്ടെന്ന് കേന്ദ്രം സുപ്രീം കോടതിയെ അറിയിച്ചു. പുതിയ രീതി പ്രകാരം പരീക്ഷ നടത്താൻ കഴിയാത്ത വിഷയങ്ങളിൽ , പത്താം ക്ലാസിൽ നേടിയ മാർക്കിന്റെയും അവസാനം എഴുതിയ പന്ത്രണ്ടാം ക്ലാസ് ബോർഡ് പരീക്ഷയുടെയും അടിസ്ഥാനത്തിൽ വിദ്യാർത്ഥിയുടെ പ്രകടനം വിലയിരുത്തുമെന്ന് സോളിസിറ്റർ ജനറൽ തുഷാർ മേത്ത സുപ്രീം കോടതിയെ അറിയിച്ചു.